# പതിനാലാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: **2706** 17.06.2019 -ലെ മറുപടി

### ഡാമുകളിലും റിസർവ്വോയറുകളിലും അടിഞ്ഞുകിടക്കുന്ന ചെളിയും മണലും നീക്കം ചെയ്യുന്നതിനുള്ള നടപടി

| ചോദ്യം | മറുപടി |
| --- | --- |
| **ശ്രീ.കെ.സി.ജോസഫ്** | **കെ.കൃഷ്ണൻ കുട്ടി**<br>(ജലവിഭവ വകുപ്പുമന്ത്രി) |
| (എ) സംസ്ഥാനത്തെ ഡാമുകളിലും റിസർവ്വോയറുകളിലും അടിഞ്ഞുകിടക്കുന്ന ചെളിയും എക്കലും മണലും നീക്കം ചെയ്യുന്നതിന് 2017 ൽ അംഗീകരിച്ച എസ്.ഒ.പി പ്രകാരം നടപടി സ്വീകരിച്ചിട്ടുണ്ടോ;<br>(ബി) ഏതൊക്കെ ഡാമുകളിലെ എക്കലും ചെളിയും മണലുമാണ് ഇപ്രകാരം നീക്കം ചെയ്യുന്നത്; | (എ) യും (ബി) യും<br>ഉണ്ട്. പൈലറ്റ് പദ്ധതികളായി മംഗലം, ചുള്ളിയാർ ഡാമുകളിലെ ഡീസിൽറ്റിംഗ് പ്രവർത്തികളാണ് തെരഞ്ഞെടുത്തിരിക്കുന്നത്. പ്രസ്തുത പദ്ധതികൾക്ക് DPR എംപവേർഡ് കമ്മിറ്റി അംഗീകരിച്ച് തുടർനടപടിയെടുത്തു വരുന്നു. 14/05/2019 ലെ ഭേദഗതി ഉത്തരവ് പ്രകാരം ബാക്കി ഡാമുകളിലും ഡിസിൽറ്റേഷൻ പ്രവൃത്തികൾ നടത്തുന്നതിന് തീരുമാനിച്ചിട്ടുണ്ട്. |
| (സി) കഴിഞ്ഞ വർഷത്തെ പ്രളയത്തിൽ ഡാമുകൾ നിറയുന്നതിന് കാരണം ഇപ്രകാരം അടിഞ്ഞുകൂടിയ എക്കലും മണലും ചെളിയുമാണെന്ന് കണ്ടെത്തിയിട്ടുണ്ടോ;വിശദമാക്കുമോ? | ഇല്ല. സംസ്ഥാനത്തുണ്ടായ പ്രളയത്തിന്റെ കാരണങ്ങളിലൊന്ന് ഡാമുകളുടെ സംഭരണ ശേഷിയിൽ വന്ന കുറവാണെന്ന വിലയിരുത്തൽ CWC-ന്റെ പഠന റിപ്പോർട്ടിൽ പ്രതിപാദിച്ചിട്ടില്ല. പ്രതീക്ഷിച്ചതിലും കൂടുതൽ മഴ ലഭ്യമായതാണ് പ്രളയത്തിന് കാരണമായത് എന്നാണ് പഠനങ്ങൾ സൂചിപ്പിക്കുന്നത്. |

**സെക്ഷൻ ഓഫീസർ**